# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5797 02.07.2019 ലെ മറുപടി

## ചേലക്കര നിയോജകമണ്ഡലത്തിലെ കുളങ്ങൾ നവീകരിക്കാൻ നടപടി

**ചോദ്യം**

ശ്രീ.യു.ആർ.പ്രദീപ്:

**മറുപടി**

കെ.കൃഷ്ണൻകുട്ടി
(ജലവിഭവ വകുപ്പുമന്ത്രി)

(എ) ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ചേലക്കര നിയോജകമണ്ഡലത്തിലെ കുളങ്ങൾ നവീകരിക്കുന്നതിന് ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ പേരുവിവരവും ഭരണാനുമതി തുകയും വ്യക്തമാക്കാമോ;

(എ) ചേലക്കര നിയോജക മണ്ഡലത്തിൽ ഹരിതകേരളം 2017-18 പദ്ധതിയിൽ ഉൾപ്പെടുത്തി 3 കുളങ്ങളുടെ നവീകരണത്തിന് അനുമതി നല്കി പണി പൂർത്തീകരിച്ചിട്ടുണ്ട്.

1. കുളങ്ങളുടെ നവീകരണം -വരവൂർ പഞ്ചായത്തിലെ ദേവച്ചിറകുളം - 10,68,500/- രൂപ
2. പാഞ്ഞാൾ പഞ്ചായത്തിലെ ചാത്തൻകുളം - 2,51,000/- രൂപ
3. പഴയന്നൂർ പഞ്ചായത്തിലെ എളനാട് കതിരംകുളം - 64,000/- രൂപ

ഹരിതകേരളം 2018-19 പദ്ധതിയിൽ ഉൾപ്പെടുത്തി 4 കുളങ്ങളുടെ നവീകരണത്തിന് ഭരണാനുമതി നല്കിയിട്ടുണ്ട്.

1. വള്ളത്തോൾ നഗർ പഞ്ചായത്തിലെ പടിഞ്ഞാറെ മന്നാഴികുളം പുനരുദ്ധാരണം - 1,00,000/-രൂപ
2. വള്ളത്തോൾ നഗർ പഞ്ചായത്തിലെ നെല്ലിക്കുളം പുനരുദ്ധാരണം - 1,00,000/- രൂപ
3. പഴയന്നൂർ പഞ്ചായത്തിലെ രാമൻ ചെട്ടിക്കുളം പുനരുദ്ധാരണം - 2,12,000/- രൂപ
4. ചേലക്കര പഞ്ചായത്തിലെ കൊരനാട്ടുകുളം പുനരുദ്ധാരണം - 2,00,000/- രൂപ

| | |
|---|---|
| (ബി) കാർഷിക പ്രാധാന്യമുള്ളതും, ജലലഭ്യതയുള്ളതുമായ നിരവധി കുളങ്ങൾ മതിയായ തോതിൽ നവീകരണം നടത്താത്തതുകൊണ്ട് നാശോന്മുഖമാകുന്നു എന്ന വസ്തുത കണക്കിലെടുത്ത് ചേലക്കര നിയോജകമണ്ഡലത്തിലെ കുളങ്ങൾ ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;<br><br>(സി) സ്വീകരിക്കുമെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | (ബി)&(സി)<br><br>ഹരിതകേരളം മിഷന്റെ ഭാഗമായി എല്ലാ പഞ്ചായത്തുകളിലും നീർത്തടമാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ കാർഷിക പ്രാധാന്യമുള്ളതും ജലലഭ്യതയുള്ളതുമായ കുളങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നവീകരണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. 2019-20 ലെ ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തി ചേലക്കര മണ്ഡലത്തിലെ കുളന്നൂക്കളം (വള്ളത്തോൾ നഗർ പഞ്ചായത്ത്), ചാത്തൻകുളം (പഞ്ഞാൾ പഞ്ചായത്ത്) എന്നീ കുളങ്ങളുടെ നവീകരണ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ പരിശോധിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**